1) ഗയാനയുടെ പരമോന്നത ദേശീയ ബഹുമതി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. ദർശനപരമായ രാഷ്ട്രതന്ത്രത്തിനും, ആഗോള സേവനങ്ങൾക്കുമുള്ള അംഗീകാരമായാണ് പുരസ്കാരം.

PM Modi honored with Guyana's highest award, The Order of Excellence for his visionary statesmanship, championing the rights of developing countries on the global stage, exceptional service to the global community and for his commitment to strengthening India-Guyana relations.

2) സങ്കീർണ്ണമായ അന്താരാഷ്ട്ര പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇന്ത്യ ഉചിതമായ നിലപാട് സ്വീകരിച്ചു വരുന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

Defence Minister Rajnath Singh today highlighted that India has always advocated and practiced dialogue for resolving complex international issues.

3) മന്ത്രി സജി ചെറിയാൻറെ ഭരണഘടന വിരുദ്ധ പരാമർശങ്ങൾ അടങ്ങിയ പ്രസംഗത്തിൽ തുടരന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി.

Kerala High Court orders for further investigation into the conroversial remarks of Kerala Minister Saji Cheriyan about Indian Constitution.

4) പാർലമെൻറ് സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്ത് നിന്നുള്ള എം. പിമാരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു.

Kerala MP's meting ahead of Parliament Session held today in Thiruvananthapuram.

5) രാജ്യത്തിൻറെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലായി സഞ്ജയ് മൂർത്തി ചുമതലയേറ്റു.

K Sanjay Murthy sworn in as CAG of India.

6) ഐസിസി ടി20 ഓൾറൗണ്ടർ റാങ്കിംഗിൽ, ഒന്നാം സ്ഥാനം തിരിച്ചുപിടിച്ച് ഇന്ത്യൻ താരം ഹാർദിക് പാണ്ഡ്യ.

In ICC Men's T20I Player Rankings, India veteran Hardik Pandaya has re-claimed the first place as all-rounder in the world.

*******************

## REV. PM-GUYANA (INTRO)

ഗയാനയുടെ പരമോന്നത ദേശീയ ബഹുമതിയായ ഓർഡർ ഓഫ് എക്സലൻസ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. ദർശനപരമായ രാഷ്ട്രതന്ത്രം, ആഗോള വേദികളിൽ വികസ്വര രാജ്യങ്ങളുടെ അവകാശങ്ങൾക്കായി സ്വീകരിച്ച നിലപാട് , ആഗോള സമൂഹത്തിനായുള്ള അസാധാരണ സേവനം, ഇന്ത്യ-ഗയാന ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത എന്നിവ പരിഗണിച്ചാണ് പുരസ്കാരം. ഗയാനയിലെ സ്റ്റേറ്റ് ഹൗസിൽ

നടന്ന ചടങ്ങിൽ ഗയാന പ്രസിഡന്റ് ഡോ. മുഹമ്മദ് ഇർഫാൻ അലിയാണ് പുരസകാരം സമ്മാനിച്ചത്. ഇന്ത്യയിലെ ജനങ്ങൾക്കും, ഇരു രാജ്യങ്ങൾക്കുമിടയിലെ ചരിത്രപരമായ ബന്ധത്തിനുമായി പുരസ്കാരം സമർപ്പിക്കുന്നതായി ശ്രീ മോദി പറഞ്ഞു. എല്ലാ മേഖലയിലും ഗയാനയ്ക്കൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാൻ ഇന്ത്യ തയ്യാറാണെന്നും പ്രധാനമന്ത്രി അറിയിച്ചു. പ്രതിരോധ മേഖലയിൽ ഗയാനയ്ക്ക് ഇന്ത്യ നൽകി വരുന്ന പിന്തുണയെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. (ഹോൾഡ് വോയ്സ്)

*******************

**PM Caricom**

ഗയാനയിൽ ഇന്നലെ നടന്ന രണ്ടാമത് ഇന്ത്യ-കാരികോം ഉച്ചകോടിയ്ക്കും പ്രധാനമന്ത്രി നരേന്ദ്രമോദി സംയുക്ത അധ്യക്ഷത വഹിച്ചു. കാരികോം രാജ്യങ്ങളുടെ വിശ്വസ്ത പങ്കാളിയായി കോവിഡ് ഉൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ ഇന്ത്യ നിലകൊണ്ടതായി അദ്ദേഹം വ്യക്തമാക്കി. ഡൊമിനിക്കയുടെ പരമോന്നത ദേശിയ ബഹുമതിയും ശ്രീ മോദി ഏറ്റുവാങ്ങി. ഡൊമിനിക്കൻ പ്രസിഡൻറ് സിൽവാനി ബർട്ടൻ പുരസ്കാരം സമ്മാനിച്ചു. കോവിഡ് മഹാമാരിയെ നേരിടാൻ ഡൊമിനിക്കയ്ക്ക് നൽകിയ സഹായങ്ങളും, ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധം ശക്തിപ്പെടുത്താൻ നടത്തിയ ശ്രമങ്ങളും പരിഗണിച്ചാണ് പുരസ്കാരം. ഡൊമിനിക്കൻ പ്രധാനമന്ത്രി റൂസ്വെൽറ്റ് സ്കെരിറ്റുമായും, സുരിനാം പ്രസിഡൻറ് ചന്ദ്രികാപ്രസാദ് സന്തോഖിയുമായും കാരികോം ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ശ്രീ മോദി കൂടിക്കാഴ്ച നടത്തി. ട്രിനിഡാഡ് ടൊബാഗോ, ബഹാമസ്, ആൻറിഗ്വ ആൻഡ് ബാർബുഡ തുടങ്ങി വിവിധ കരീബിയൻ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരുമായും അദ്ദേഹം സംവദിച്ചു.

*******************

## RAJNATH LAOS

സങ്കീർണ്ണമായ അന്താരാഷ്ട്ര പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇന്ത്യ എല്ലായ്പ്പോഴും ഉചിതമായ നിലപാട് സ്വീകരിക്കുന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. രാഷ്ട്രങ്ങൾ പരസ്പര കാഴ്ചപ്പാടുകളെ മാനിക്കുകയും ക്രിയാത്മകമായി ഇടപഴകുകയും ചെയ്യുമ്പോൾ മാത്രമേ ആഗോള പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരങ്ങൾ കണ്ടെത്താകൂവെന്നും അദ്ദേഹം പറഞ്ഞു. ലാവോസിലെ വിയൻറിയാനിൽ 11-ാമത് ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്താരാഷ്ട്ര വെല്ലുവിളികളോടുള്ള ഇന്ത്യയുടെ സമീപനത്തിൽ തുറന്ന ആശയവിനിമയത്തിനും സമാധാനപരമായ ചർച്ചകൾക്കുമുള്ള പ്രതിബദ്ധത പ്രകടമാണെന്നും ശ്രീ രാജ്നാഥ് സിംഗ് വ്യക്തമാക്കി. ലാവോസിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായാണ് ശ്രീ രാജ്നാഥ് സിംഗ് ലാവോസിലെത്തിയത്.

********************

## Saji Cheriyan

മന്ത്രി സജി ചെറിയാൻറെ ഭരണഘടന വിരുദ്ധ പരാമർശങ്ങൾ അടങ്ങിയ പ്രസംഗത്തിൽ ഡിജിപിയുടെ മേൽനോട്ടത്തിൽ തുടരന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി . സംഭവത്തിൽ, അന്വേഷണ ഉദ്യോഗസ്ഥൻ തിരുവല്ല കോടതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ഹൈക്കോടതി തള്ളി. സജി ചെറിയാൻ്റെ ശബ്ദ സാമ്പിളിന്റെയും പ്രസംഗത്തിന്റെയും ഫോറൻസിക് പരിശോധന ഫലം പുറത്തുവരുന്നതിനു മുൻപ് തന്നെ റിപ്പോർട്ട് സമർപ്പിച്ച അന്വേഷണ ഉദ്യോഗസ്ഥന്റെ നടപടിയെ ചോദ്യം ചെയ്ത് അഭിഭാഷകനായ ബൈജു നോയൽ സമർപ്പിച്ച ഹർജിയിലാണ് കോടതി ഉത്തരവ്. 2022 ജൂലൈ മൂന്നിന് പത്തനംതിട്ട മല്ലപ്പള്ളിയിലാണ് കേസിന് ആസ്പദമായ പ്രസംഗം നടന്നത്.

ഇതേ തുടർന്ന് രാജിവച്ച അദ്ദേഹം ഭരണഘടനാ ലംഘനത്തിന് തെളിവില്ലെന്ന പോലീസ് റിപ്പോർട്ടിനെ തുടർന്ന് മജിസ്ട്രേറ്റ് കോടതി കുറ്റവിമുക്തനാക്കിയപ്പോൾ മന്ത്രിസ്ഥാനത്ത് തിരിച്ചെത്തുകയായിരുന്നു.
താൻ കുറ്റക്കാരനാണെന്ന് കോടതി പറഞ്ഞിട്ടില്ലെന്നും കൂടുതൽ അന്വേഷണം നടത്തണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ എന്നും മന്ത്രി സജി ചെറിയാൻ പ്രതികരിച്ചു.
സജി ചെറിയാനെ മന്ത്രിസഭയിൽ തിരിച്ചെടുത്ത നടപടി തെറ്റായിരുന്നു എന്നാണ് ഹൈക്കോടതി വിധിയിലൂടെ വ്യക്തമായതെന്നും, സജി ചെറിയാൻ ഉടൻ രാജിവയ്ക്കണമെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പ്രതികരിച്ചു.

*******************

**MP Meeting**

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്ത് നിന്നുള്ള എംപിമാരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്. വയനാട് ദുരന്ത പശ്ചാത്തലത്തിൽ, കേരളത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനെക്കുറിച്ച് യോഗത്തിൽ ചർച്ച നടന്നു. കേരളത്തിന് അനുവദിക്കുന്ന ഗ്രാൻഡ് വലിയതോതിൽ കുറയുന്നു എന്നും, കേന്ദ്രം കേരളത്തോട് അവഗണന കാണിക്കുന്നു എന്നും മുഖ്യമന്ത്രി ആമുഖപ്രസംഗത്തിൽ പറഞ്ഞു. വയനാട് ദുരന്തത്തിൽ പ്രത്യേക ധനസഹായം ലഭിച്ചിട്ടില്ലെന്നും, ദുരന്തബാധിതരുടെ വായ്പ എഴുതി തള്ളിയിട്ടില്ല എന്നും മുഖ്യമന്ത്രി യോഗത്തിൽ അറിയിച്ചു. ശബരി റെയിൽ പദ്ധതി ഉൾപ്പെടെ യാഥാർത്ഥ്യം ആക്കേണ്ടതുണ്ടെന്നും, ധനസഹായം നൽകാത്തതിലുള്ള പ്രതിഷേധം ഗൗരവപരമായി പാർലമെന്റിൽ

അവതരിപ്പിക്കണം എന്നും അദ്ദേഹം എംപിമാരോട് ആവശ്യപ്പെട്ടു.

*******************

## Election counting

കേരളത്തിൽ വയനാട് ലോക് സഭാ മണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും നടന്ന ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ മറ്റന്നാൾ നടക്കും. ശനിയാഴ്ച രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിൽ നിന്ന് വോട്ടുകൾ എണ്ണിത്തുടങ്ങി മിനിറ്റുകൾക്കുള്ളിൽ ആദ്യ ഫലസൂചന പുറത്തുവരും. വയനാട്ടിലും ചേലക്കരയിലും ഈ മാസം 13-നായിരുന്നു വോട്ടെടുപ്പ്. കൽപ്പാത്തി രഥോത്സവത്തിൻറെ പശ്ചാത്തലത്തിൽ മാറ്റിവച്ച പാലക്കാട് ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് ഇന്നലെയാണ് നടന്നത്. വയനാട്ടും പാലക്കാട്ടും യു.ഡി.എഫിൻറെയും ചേലക്കര എൽ.ഡി.എഫിൻറെയും സിറ്റിങ് സീറ്റാണ്. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ മണ്ഡലങ്ങളിലേയും ഉപതെരഞ്ഞടുപ്പ് നടന്ന മറ്റ് ഇടങ്ങളിലേയും ഫലവും മറ്റന്നാൾ പുറത്തുവരും.

*******************

## INDIA CANADA

സിഖ് വിഘടനവാദി നേതാവ് ഹർദീപ് സിങ് നിജ്ജറിൻറെ കൊലപാതകം സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അറിവുണ്ടായിരുന്നെന്ന കനേഡിയൻ മാധ്യമ റിപ്പോർട്ടുകൾ ഇന്ത്യ തള്ളി. ഇത്തരം അസംബന്ധമായ പരാമർശങ്ങളെ അർഹിക്കുന്ന അവഗണനയോടെ തള്ളുന്നതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പ്രതികരിച്ചു. മോശമായിരിക്കുന്ന ബന്ധത്തിൽ കൂടുതൽ ആഘാതങ്ങൾ ഉണ്ടാക്കുകയാണ് ഇത്തരം പ്രസ്താവനകൾ ചെയ്യുന്നതെന്നും അദ്ദേഹം വിമർശിച്ചു.

*******************

## PRESIDENT-TELANGANA

ഉത്കൽ കേസരി ഡോ. ഹരേകൃഷ്ണ മഹ്താബിൻറെ 125-ാം ജന്മദിനാഘോഷം രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. അനുസ്മരണ സ്റ്റാമ്പും നാണയവും രാഷ്ട്രപതി ചടങ്ങിൽ പ്രകാശനം ചെയ്തു. സ്വാതന്ത്ര്യസമര സേനാനി, ചരിത്രകാരൻ, എഴുത്തുകാരൻ, സാമൂഹിക പരിഷ്കർത്താവ്, എന്നീ നിലകളിൽ ശ്രദ്ധേയനായ വ്യക്തിത്വമായിരുന്നു ഡോ. ഹരേകൃഷ്ണ മഹ്താബ് . രാഷ്ട്രപതിയുടെ രണ്ട് ദിവസത്തെ തെലങ്കാന സന്ദർശനത്തിനും ഇന്ന് തുടക്കമാകും. ഹൈദരാബാദിൽ നടക്കുന്ന കോടി ദീപോത്സവവത്തിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ ലോക്മന്ദൻ 2024-ൻറെ ഉദ്ഘാടന സമ്മേളനത്തിലും ശ്രീമതി മുർമു പങ്കെടുക്കുന്നുണ്ട്.

********************

## IFFI (INTRO)

55-ാ മത് ഇന്ത്യാ രാജ്യാന്തര ചലച്ചിത്രമേള ഗോവയിൽ പുരോഗമിക്കുന്നു. ശ്യാമപ്രസാദ് മുഖർജി സ്റ്റേഡിയത്തിൽ ഇന്നലെ വൈകുന്നേരം നടന്ന വർണാഭമായ ചടങ്ങോടെയാണ് ചലച്ചിത്രമേളയ്ക്ക് തുടക്കമായത്. ഇന്ത്യൻ സിനിമാ രംഗത്ത് നിർണായക സ്ഥാനമാണ് ഐ.എഫ്.എഫ്.ഐയ്ക്ക് ഉള്ളതെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. യുവ പ്രതിഭകളെ വാർത്തെടുക്കാൻ ചലച്ചിത്രമേള സഹായിക്കുമെന്ന പ്രതീക്ഷയും അദ്ദേഹം പങ്കുവച്ചു.

(ഹോൾഡ്)

നൂറുകണക്കിന് യുവ പ്രതിഭകൾക്ക് ചലച്ചിത്രമേഖലയിലെ പ്രമുഖരുമായി സംവദിക്കാനുള്ള അവസരം ഐ.എഫ്.എഫ്.ഐ ഒരുക്കുന്നതായി കേന്ദ്രസഹമന്ത്രി എൽ.മുരുഗൻ പറഞ്ഞു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 40-ഓളം ചിത്രങ്ങളാണ് മേളയിൽ ഇന്ന് പ്രദർശിപ്പിക്കുന്നത്.

ആൾ വി ഇമാജിൻ അസ് ലൈറ്റ്, മൈ സൺഷൈൻ, ആഫ്റ്റർനൂൺ ഓഫ് സോളിറ്റ്യൂഡ് തുടങ്ങിയ ചിത്രങ്ങളും മലയാള ചിത്രം ഭ്രമയുഗവും ഇന്ന് പ്രദർശിപ്പിക്കുന്നുണ്ട്.

*******************

## CAG-OATH

രാജ്യത്തിൻ്റെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലായി കെ സഞ്ജയ് മൂർത്തി ഇന്ന് ന്യൂഡൽഹിയിൽ സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള പ്രധാന സ്ഥാനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സി.എ.ജി ഗിരീഷ് ചന്ദ്ര മുർമു വിരമിച്ചതിനെ തുടർന്നാണ് ശ്രീ സഞ്ജയ് മൂർത്തി ചുമതലയേറ്റത്.

*******************

## Mandaviya

കായിക പ്രതിഭകളെ അടിസ്ഥാന തലങ്ങളിൽ നിന്നും കണ്ടെത്താൻ മോദി സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതായി കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ബിഹാറിലെ പട്നയിൽ കായികതാരങ്ങളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. 2036 ൽ ഇന്ത്യ ഒളിമ്പിക്സിന് വേദിയാകുമെന്ന ശുഭപ്രതീക്ഷയും അദ്ദേഹം പങ്കുവച്ചു. വികസിത ഇന്ത്യയിൽ കായിക മേഖലയ്ക്ക് സുപ്രധാന സ്ഥാനമുണ്ടായിരിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

*******************

## ICC T20I RANKINGS

ഐസിസി ടി20 ഓൾറൗണ്ടർ റാങ്കിംഗിൽ, ഒന്നാം സ്ഥാനം തിരിച്ചുപിടിച്ച് ഇന്ത്യൻ താരം ഹാർദിക് പാണ്ഡ്യ. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടി-20 പരമ്പരയിലെ പ്രകടനമാണ് നേട്ടത്തിനു കാരണമായത്. ബാറ്റർമാരുടെ റാങ്കിങ്ങിൽ ഇന്ത്യയുടെ തിലക് വർമ്മ മൂന്നാം

സ്ഥാനത്തെത്തി. 69 സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയാണ് തിലകിന്റെ മുന്നേറ്റം. അതേസമയം ബാറ്റർ റാങ്കിംഗിൽ ഒന്നാമതായിരുന്ന സൂര്യകുമാർ യാദവ് നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. യശസ്വി ജയ്സ്വാൾ എട്ടാം സ്ഥാനത്താണ്. ബൗളർമാരിൽ അർഷ്ദീപ് സിങും, രവി ബിഷ്ണോയിയും ആദ്യ പത്തിൽ ഇടം നേടിയിട്ടുണ്ട്.

*******************
*******************
*******